004436

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഉന്നത വിദ്യാഭ്യാസ വകുപ്പ് - കോളേജ് വിദ്യാഭ്യാസം - ഫാക്കൽറ്റി വികസനത്തിന്റെ ഭാഗമായി നടത്തുന്ന ദേശീയ സെമിനാറിൽ പങ്കെടുക്കുന്ന വിദഗ്ദരുടെ വേതനം വർദ്ധിപ്പിച്ചുകൊണ്ടുള്ള ഉത്തരവിൽ ഭേദഗതി വരുത്തി പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉന്നത വിദ്യാഭ്യാസ (എഫ്) വകുപ്പ്

**സ.ഉ. (സാധാരണ) നം: 110/2013/ഉവിവ.** **തീയതി, തിരുവനന്തപുരം, 28.01.2013**

---

*പരാമർശം*:-1. സ.ഉ (സാധാ) നം. 969/08/ഉ.വി തീയതി 1/7/08.
2. സ.ഉ (സാധാ) നം. 2334/2012/ഉ.വി തീയതി 30/10/2012.
3. കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 7/12/2012-ലെ പി1/54772/2011/കോ.വി.വ നം. കത്ത്.

**<u>ഉത്തരവ്</u>**

ഫാക്കൽറ്റി വികസന പ്രോഗ്രാം നടപ്പിലാക്കുന്നതിന്റെ ഭാഗമായി കോളേജ് അദ്ധ്യാപകർക്കായി സെമിനാറുകൾ / വർക്ക്ഷോപ്പുകൾ / റിഫ്രഷർ കോഴ്സുകൾ എന്നിവ നടത്തുന്നതിനായി, സംസ്ഥാനത്തിനകത്തു നിന്നുള്ള വിദഗ്ദർക്ക് ദിവസ വേതനം 750/- രൂപ നിരക്കിൽ രണ്ടാഴ്ച ദൈർഘ്യമുള്ള കോഴ്സുകൾക്ക് പ്രതിഫലമായി പരമാവധി 7500/- രൂപയും രണ്ടാഴ്ചയിൽ കൂടുതൽ ദൈർഘ്യമുള്ള കോഴ്സുകൾക്ക് പരമാവധി 10,000/- രൂപയും അനുവദിച്ചും കൂടാതെ സംസ്ഥാനത്തിന് പുറത്തു നിന്നുള്ള വിദഗ്ദർക്ക്, ദിവസ വേതനം 1000/- രൂപ നിരക്കിൽ രണ്ടാഴ്ച ദൈർഘ്യമുള്ള കോഴ്സുകൾക്ക് പ്രതിഫലമായി പരമാവധി 10,000/- രൂപയും രണ്ടാഴ്ചയിൽ കൂടുതൽ ദൈർഘ്യമുള്ള കോഴ്സുകൾക്ക് പരമാവധി 12,000/- രൂപയും അനുവദിച്ചും പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ പ്രസ്തുത ഉത്തരവ് പ്രകാരം, നിലവിലുള്ള പ്രതിഫലത്തേക്കാൾ കൂടുതൽ വിദഗ്ദർക്ക് ലഭ്യമാകുന്നില്ലായെന്നും ആയത് ,ആവശ്യാനുസരണം വിദഗ്ദരെ ലഭ്യമാകാത്ത അവസ്ഥ ഉണ്ടാക്കാനിടയാക്കുമെന്നും ആയതിനാൽ ദിവസവേതനമെന്നതിന് പകരം ഒരു സെക്ഷൻ കൈകാര്യം ചെയ്യുന്നതിനുള്ള പ്രതിഫലം എന്ന് പുതുക്കി ഉത്തരവാകണമെന്നും കോളേജ് വിദ്യാഭ്യാസ ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ വ്യക്തമാക്കിയിട്ടുള്ള സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ, ഫാക്കൽറ്റി വികസന പ്രോഗ്രാം നടപ്പിലാക്കുന്നതിന്റെ ഭാഗമായി കോളേജ് അദ്ധ്യാപകർക്കായി സെമിനാറുകൾ / വർക്ക്ഷോപ്പുകൾ /റിഫ്രർ കോഴ്സുകൾ എന്നിവ നടത്തുന്നതിനായി വിദഗ്ദർക്കു നല്കുന്ന ദിവസവേതനം എന്നത് 90 മിനിട്ടിൽ കുറയാതെയുള്ള ഓരോ സെക്ഷനുകൾക്കുമുള്ള പ്രതിഫലം എന്ന് പുതുക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം (2) പ്രകാരമുള്ള സർക്കാർ ഉത്തരവ് മേൽപ്പറഞ്ഞ ഭേദഗതിയോടെ നിലനിൽക്കുന്നതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശരത് ചന്ദ്രൻ സി . എസ്
ഗവ: അണ്ടർ സെക്രട്ടറി

സ്വീകർത്താവ്

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൌണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ